കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആര്യാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി9-886/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 19.07.2017

ഡെപ്യൂട്ടി ഡയറക്ടർ
.
.
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ഗ്രാമ പഞ്ചായത്ത്
.
.
സർ,

വിഷയം : ആര്യാട് ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
.
.
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി9-886/2017 തീയതി: 19.07.2017

## ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.06.2017മുതൽ<br>30.06.2017 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ.എം.പ്രശോഭൻ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ്. ടി, ഓഡിറ്റർ<br>ശ്രീ.സുനിൽ.കെ.ബി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. കവിതാ ഹരിദാസ് | 01.04.2016 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. സുബൈദാ ബായി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 01.04.2016 മുതൽ 29.07.2016 വരെ |
| 2 | ശ്രീമതി. വീണ.എസ് | 30.07.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.ബിപിൻ രാജ്. ബി | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി. പ്രസന്ന രാജേന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. സുരേഷ്. ബി | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി. അനിതാ ഗോപിനാഥൻ | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സാനി ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. കണ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. മന മോഹൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിജു.എസ് | 01.04.2016 മുതൽ 05.10.2016 വരെ |

| | | |
|---|---|---|
| | | |
| | ഡോ.ലിറ്റി.എം.ചെറിയാൻ | 06.10.16 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആശാലത | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സിസി ആന്റണി | 01.04.2016 മുതൽ 22.08.2016 വരെ |
| | ശ്രീമതി. ആഭ.വി.എസ്. | 22.08.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്, എൽ.പി.എസ്. | ശ്രീമതി. പ്രീതി ജോസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സുനിൽ കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. സൂര്യ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സുബൈദാ ബായി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |
| വി.ഇ.ഒ, ചെമ്പൻതറ | ശ്രീ. അജീഷ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, ഐക്യഭാരതം | ശ്രീ. ഹാഷിഫ് | 14.11.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-9 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 3 | 2-2 | തൊഴിൽ നികുതി ഈടാക്കുന്നത്-അപാകതകൾ |
| | | ഭാഗം 3 |
| 4 | 3-1 | ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ - അധിക നിരക്ക് നൽകി |
| 5 | 3-2 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - ട്യൂബ് ലൈറ്റ് റിപ്പയർ അധിക തുക നൽകി |
| 6 | 3-3 | സ്കൂൾ വിദ്യാർത്ഥിനികൾക്കായ് സാനിട്ടറി നാപ്കിൻ (ഷീപാഡ്) |
| 7 | 3-4 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 8 | 3-5 | തനതുഫണ്ട് ചെലവുകൾ |
| 9 | 3-6 | ഡിംഗ്ലീൻ - ബി.റ്റി.ആർ റോഡ് ടാറിംഗ് (പ്രോജക്ട് നം. S0013/17 ) - അപാകതകൾ |
| 10 | 3-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി - കരാറുകാരിൽ നിന്ന് നികുതികൾ ഈടാക്കിയില്ല |
| 11 | 3-8 | വിവിഎസ്സ്ഡി. എൽപിഎസ്സിന് ഐടി ഉപകരണങ്ങൾ |
| 12 | 3-9 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല-നഷ്ടം 3,83,191/- |
| 13 | 3-10 | ആയുർവേദാശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല - നഷ്ടം 2,32,469/- |
| 14 | 3-11 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം.71/16-17) – അപാകതകൾ |
| 15 | 3-12 | പഠനം പൂർത്തിയാക്കിയതിനു ശേഷം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകി |
| 16 | 3-13 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് - ഫണ്ട് മാറിയെങ്കിലും അക്കൗണ്ടിൽ വരവ് വെച്ചില്ല |
| 17 | 3-14 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി -ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. |
| 18 | 3-15 | വിവിധ പ്രവൃത്തികൾക്കായി ഇലക്ട്രിസിറ്റി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 19 | 3-16 | വായന സമൂഹത്തിന്റെ വളർച്ചയ്ക്ക്- രേഖകൾ അപൂർണ്ണം |
| 20 | 3-17 | വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല. |
| 21 | 3-18 | ഫയലുകൾ ഹാജരാക്കിയിട്ടില്ല |

| ഭാഗം 4 | | |
|---|---|---|
| 22 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 23 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 104124053 | 99856808 |

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 30.05.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 4-1 -ൽ പരാമർശിച്ചിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4157142 |
| വരവ് | 50345728 |
| ആകെ | 54502870 |
| ചെലവ് | 48450000 |
| നീക്കിയിരിപ്പ് | 6052870 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് | 12887395 | 10440175 | 81.01 |
| വികസനഫണ്ട് എസ്.സി.പി | 1616172 | 1616172 | 100 |
| വികസനഫണ്ട് റ്റി.എസ്.പി | 162480 | 162480 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2756271 | 1943065 | 70.5 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 3502875 | 2750660 | 78.53 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7227170 | 6319754 | 87.44 |
| പെർഫോമൻസ് ഗ്രാന്റ് | 3784860 | 2797942 | 73.92 |
| എം.എൻ.ആർ.ഇ.ജി.എസ് | 3802551.50 (മുന്നിരിപ്പ് 65023.50 രൂപ ഉൾപ്പെടെ) | 3508112 (നീക്കിയിരിപ്പ് 294439.50 രൂപ) | 92.26 |
| ബി ഫണ്ട് | 43208410 | 43208410 | 100 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 40040721 | 90 | 28361342 | 26 | 25 | 63.83 |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം 15.89% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1880238 | 3216665 | (+)1336427 | (+)71.08 |
| നികുതിയേതര വരവുകൾ | 3685582 | 1270257 | (-)2415325 | (-)65.55 |
| മറ്റ് വരവുകൾ | 113985 | 290189 | (+)176204 | (+)15.45 |
| ആകെ | 5679805 | 4777111 | (-)902694 | (-)15.89 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 769680 | 451 |
| കർഷകതൊഴിലാളി പെൻഷൻ | 4622760 | 514 |
| വിധവാ പെൻഷൻ | 9377750 | 874 |
| വാർദ്ധക്യകാല പെൻഷൻ | 24863965 | 2410 |
| വികലാംഗ പെൻഷൻ | 2661385 | 288 |
| അവിവാഹിത പെൻഷൻ | 822870 | 85 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 90000 | 3 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21385 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പല വൗച്ചറുകളും മതിയായ രേഖകളുടെ പിൻബലമില്ലാതെയാണ് പാസ്സാക്കിയിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2017 | 01.05.2017 - 31.05.2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2014 – 11.08.2014 | 2013-14 | 03.07.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം-14 ന് പഞ്ചായത്ത് പ്രദേശത്ത് നിലവിൽ 7 മൊബൈൽ ടവറുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്നും, ഇതിൽ എസ്സാർ ടെലികോം എന്ന സ്ഥാപനത്തിന്റെ അസ്സസ്സ്മെന്റ് 2007-08 ൽ പൂർത്തിയായിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ തുകയൊന്നും ഈടാക്കിയിട്ടില്ല. ബാക്കിയുള്ള ടവറുകൾ അസസ്സ് ചെയ്ത് കുടിശിക തുക ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അതായത് പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 7 മൊബൈൽ ടവറുകളിൽ നിന്നും പഞ്ചായത്തിന് വർഷങ്ങളായി നികുതിയിനത്തിൽ തുകയൊന്നും ലഭിക്കുന്നില്ല. അതിൽ തന്നെ ഏഴിൽ ആറു മൊബൈൽ ടവറുകളുടേയും നികുതി വർഷങ്ങളായി അസസ്സ് ചെയ്തിട്ടുപോലുമില്ല. 14.01.2011 ലെ 19/2011/തസ്വഭവ ഉത്തരവ് പ്രകാരം ചതുരശ്ര മീറ്ററിന് 500/-രു. പ്രകാരം മൊബൈൽ ടവർ ഉടമകളിൽ നിന്നും ഈടാക്കാമെന്നിരിക്കെ ഇത്തരത്തിൽ നികുതി പിരിവിൽ അലംഭാവം കാണിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. എത്രയും വേഗം നികുതി അസസ്സ് ചെയ്ത് കുടിശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കുന്നത്-അപാകതകൾ

പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

തൊഴിൽ നികുതി സ്വീകരിക്കുമ്പോൾ ഒരു അർദ്ധവർഷത്തെ ശമ്പളവിവരങ്ങൾ മുഴുവനും, ആകെത്തുകയും രേഖപ്പെടുത്തിയ പത്രിക പണം അടയ്ക്കുന്നതിനോടൊപ്പം പല ഓഫീസുകളും ഹാജരാക്കിയതായി കാണുന്നില്ല.

അതുപോലെ അംഗവൈകല്യമുള്ളവർ അതിനർഹരാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള രണ്ട് അൺ എയ്ഡഡ് സ്കൂളുകളിലും, ചുരുക്കം ചില സൊസൈറ്റികളിലും വർഷം മുഴുവൻ ഒരേ ശമ്പളമാണ് നൽകിയിരിക്കുന്നത്. വാർഷിക ഇൻക്രിമെന്റോ, ഉത്സവ ബത്തയോ ഒന്നും തന്നെ നൽകിയതായി കാണുന്നില്ല. ചെറിയ ഒരു വർദ്ധനവു പോലും നികുതി സ്ലാബിൽ വ്യത്യാസം വരുത്തുമെന്നിരിക്കെ, ഇത്തരം വീഴ്ചകൾ ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് ശരിയായ പ്രവണതയല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ - അധിക നിരക്ക് നൽകി

വി.ഇ.ഒ ഓഫീസ്, കൃഷി ഓഫീസ്, ആയുർവേദ/ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലേക്ക് മേശ, കസേര, അലമാര തുടങ്ങിയവ വാങ്ങി വിതരണം ചെയ്യുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ S041/17-ാം നമ്പർ പ്രോജക്ടിനായി ബിൽ നം. 44/31.03.2017 പ്രകാരം 60000 രൂപ പിൻവലിച്ച് 6 കസേര, 5 സ്റ്റീൽ മേശ, 3 സ്റ്റീൽ അലമാര തുടങ്ങിയവയ്ക്കായി വൈക്കം കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിനു നൽകി. നിർവ്വഹണവുമായി ബന്ധപ്പെട്ട് കുറഞ്ഞ നിരക്കിലുള്ള ടെൻഡറുകൾ സമർപ്പിച്ചിരുന്നുവെങ്കിലും കൂടിയ നിരക്കിലാണ് ഫർണീച്ചർ വാങ്ങിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) പഞ്ചായത്തിന്റെ 13.10.2016-ലെ എ2-8102/16 നമ്പർ ദർഘാസ് പരസ്യം പ്രകാരം കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് പഞ്ചായത്തിന്റെ സ്പെസിഫിക്കേഷൻ പ്രകാരം കസേര, മേശ, അലമാര എന്നിവയ്ക്ക് യഥാക്രമം 1990 രൂപ, 2340 രൂപ, 7780 രൂപ ആണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ പഞ്ചായത്ത് ഇത് അംഗീകരിക്കാതെ പുനർ ടെണ്ടർ നടത്തുകയും (01.02.17ലെ എ2-8102/16 നമ്പർ പുനർ ദർഘാസ്) ഉയർന്ന വിലയ്ക്ക് ഇതേ സ്ഥാപനത്തിൽ നിന്നു തന്നെ ഇവ വാങ്ങിക്കുകയും ചെയ്തു. പുനർ ടെണ്ടർ പ്രകാരം കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് ഇവയ്ക്ക് യഥാക്രമം 2850 രൂപ, 3345 രൂപ, 9848 രൂപ ക്വാട്ട് ചെയ്യുകയും ഈ തുക സ്ഥാപനത്തിനു നൽകുകയുമുണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്പെസിഫിക്കേഷൻ സൂചിപ്പിക്കാതിരുന്നത് കൊണ്ടാണ് പുനർ ടെൻഡർ ക്ഷണിക്കേണ്ടി വന്നത് എന്നാണ്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കാരണം പഞ്ചായത്തിന്റെ സ്പെസിഫിക്കേഷൻ പ്രകാരമാണ് കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് ആദ്യം ടെൻഡർ സമർപ്പിച്ചിരുന്നത്. തന്മൂലം ഈ ഇനത്തിൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതു പ്രകാരം വില | കൂടിയ നിരക്ക് അംഗീകരിച്ചതു പ്രകാരം നൽകിയ വില |
|---|---|---|---|
| 1 | കസേര | 1990X6=11940 | 2850X6=17100 |
| 2 | മേശ | 2340X5=11700 | 3345X5=16725 |
| 3 | അലമാര | 7780X3=23340 | 9848X3=29544 |
| ആകെ | | 46980 | 63369<br>Discount 3369<br>----------<br>60000 |

മുകളിൽ കാണിച്ചതിൽ നിന്നും 13020 രൂപ അധികം നൽകിയതായി കാണുന്നു. തുക നഷ്ടത്തിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - ട്യൂബ് ലൈറ്റ് റിപ്പയർ അധിക തുക നൽകി

കെ.എസ്.ഇ.ബി. യുടെ കണക്ക് പ്രകാരം പഞ്ചായത്ത് പരിധിയിൽ 327 എണ്ണം ട്യൂബ് ലൈറ്റുകളാണ് തെരുവ് വിളക്കിനായി ഉപയോഗിക്കുന്നത്. എന്നാൽ 2016-17 വർഷം തെരുവ് വിളക്ക് റിപ്പയർ (പ്രോജക്ട് നം. 8039/17) തെരുവ് വിളക്ക് അറ്റകുറ്റപണി സ്പിൽ ഓവർ (പ്രോജക്ട് നം.S002/17) എന്നീ രണ്ട് പ്രോജക്ടുകളിലായി 555 ട്യൂബ് ലൈറ്റുകൾ റിപ്പയർ ചെയ്തതിന് 80310/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1) തെരുവ് വിളക്ക് റിപ്പയർ S039/17

ഈ പ്രോജക്ട് പ്രകാരം 418 ട്യൂബ് ലൈറ്റുകൾ നന്നാക്കിയതിന് ബിൽ നം.17/1.2.17, ബിൽ നം.25/6.3.17, ബിൽ

നം.47/31.3.17 എന്നിവ പ്രകാരം യഥാക്രമം 15660രൂ, 12180രൂ, 32770രൂ വീതം പിൻവലിച്ച് ഒന്നിന് 145രൂ. പ്രകാരം ശ്രീ.വിജയകുമാർ, പൊക്കാലയിൽ എന്നയാൾക്കു നൽകി.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണി സ്പിൽ ഓവർ (S002/17)

ഈ പ്രോജക്ട് പ്രകാരം ബിൽ നം. 13/25.12.16 പ്രകാരം 19700 രൂപ പിൻവലിച്ച് 137 ട്യൂബ് ലൈറ്റുകൾ നന്നാക്കിയതിന് ശ്രീ.രമേശൻ, പ്ലാക്കൽ എന്നയാൾക്ക് നൽകി.
ആകെ ട്യൂബ് ലൈറ്റുകളുടെ എണ്ണം 327 ആയിരിക്കേ 555 ട്യൂബ് ലൈറ്റുകൾ നന്നാക്കിയെന്ന കാണിച്ച് പണം നൽകിയത് പ്രോജക്ട് നടത്തിപ്പിലെ പോരായ്മയാണ കാണിക്കുന്നത്. ട്യൂബ് ലൈറ്റുകൾ നന്നാക്കുന്നതിനായി കരാറുകാരെ ഏൽപ്പിക്കുമ്പോൾ ആയതിന്റെ ഗ്യാരണ്ടി, നൽകേണ്ട പണം തുടങ്ങിയവ സംബന്ധിച്ച് കരാർ വയ്ക്കേണ്ടതും കരാർ കാലാവധിയ്ക്കുള്ളിൽ കേടുവന്നാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമായിരുന്നു. കെ.എസ്.ഇ.ബി. അംഗീകരിച്ച 327 ട്യൂബുലൈറ്റുകൾക്കു പുറമേ നന്നാക്കിയെന്ന കാണിച്ച് പണം നൽകിയ 228 ലൈറ്റുകൾക്കു നൽകിയ 33060/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി നൽകിയ മറുപടിയിൽ കാലപ്പഴക്കത്താലും പ്രകൃതിക്ഷോഭത്താലും മറ്റും ട്യൂബുലൈറ്റുകൾ കേടാകുന്നതിനാലാണ് ഇത്തരത്തിൽ റിപ്പയർ ചെയ്യേണ്ടിവരുന്നതെന്നാണ്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 സ്കൂൾ വിദ്യാർത്ഥിനികൾക്കായ് സാനിട്ടറി നാപ്കിൻ (ഷീപാഡ്)

പ്രോജക്റ്റ് നം. s0106/17

നിർവ്വഹണം : ഹെഡ്മിസ്ട്രസ്, ഗവ.വിവിഎസ്സ്ഡി എൽപിഎസ്സ്.

അടങ്കൽ 93,800

ചെലവ് 46,900/-

ബിൽ നം. 2/2016-17

ഹെഡ്മിസ്ട്രസ്, ഗവ.വിവിഎസ്സ്ഡി എൽപിഎസ്സ്. നടപ്പിലാക്കിയ ഈ പദ്ധതി വഴി വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് 46,900/-രൂപ ഡിഡി നം. 296132 തീയതി 19-01-2017 പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റോ, ബില്ലുകളോ ഡിഡിയുടെ കൈപ്പറ്റ് രസീതോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം- 18/29-06-2017 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത രേഖകൾ ഒന്നും തന്നെ വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രോജക്ട് നടപ്പിലാക്കുന്നില്ലെങ്കിൽ നൽകിയ തുക സ്ഥാപനത്തിൽ നിന്ന തിരികെ ഈടാക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. തുക മുൻകൂറായി ചെലവഴിച്ചു-മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നം. – S0061/17

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പദ്ധതി

അടങ്കൽ - 9,83,302/-

ചെലവ് - 9,83,302/-

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കുവേണ്ടി മരുന്നുകളും ലാബ് ഉപകരണങ്ങളും വാങ്ങുന്നതിന് 5,00,000/-രൂപ (ചെക്ക് നം. 1260601/30.3.2017) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. കൂടാതെ ബിൽ നം. 6/2016-17 തീ.27.3.2017 പ്രകാരം 2,00,000/-രൂപ മാറിയതിൽ 1,60,000/-രൂപ UTR No.U60196676444 പ്രകാരം കേരള മെഡിക്കൽ കേർപ്പറേഷന് മരുന്നുകളും ലാബ് ഉപകരണങ്ങളും വാങ്ങുന്നതിന് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ആകെ 6,60,000/-രൂപ കേരള മെഡിക്കൽ കോർപ്പറേഷന് നൽകിയെങ്കിലും യാതൊരു മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മേൽ വിഷയങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ടെന്നും മരുന്നുകളും ഉപകരണങ്ങളും വരുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും പറയുന്നു. നാളിതുവരെയായി മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ കേരള മെഡിക്കൽ കോർപ്പറേഷന് നൽകിയ 6,60,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2)ശുചിത്വമിഷൻ ഫണ്ട് - ചെലവ് രേഖകൾ ഹാജരാക്കിയില്ല

4.6.2016 ലെ വൌച്ചർ 202 പ്രകാരം 1,80,000/-രൂപ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. 10000/-രൂപ വീതം 18 വാർഡുകളിലേക്ക് ചെലവഴിക്കുന്നതിനുവേണ്ടി ഈ തുക മെഡിക്കൽ ഓഫീസർ ജെ.പി.എച്ച്.നേഴ്സ്മാർക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ 17,16,15,13,12,7,6,2 എന്നീ വാർഡുകളിലെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കി പത്ത് വാർഡുകളിൽ ചെലവ് ചെയ്ത ഒരു ലക്ഷം രൂപയുടെ ചെലവുരേഖകൾ ഹാജരാക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പത്ത് വാർഡുകളിലെ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
23.5.2016ലെ സർക്കാർ ഉത്തരവ് (സാധ) നം.1724/2016/തസ്വഭവ പ്രകാരം 2016-17 ലെ ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ വകയിരുത്താമെന്ന നിബന്ധനയിൽ മഴക്കാലത്തിന് മുൻപായി ഗ്രാമപഞ്ചായത്തുകൾ അവർക്ക് ലഭ്യമാക്കിയ പദ്ധതി വിഹിതത്തിൽ നിന്നോ തനതുഫണ്ടിൽ നിന്നോ മഴക്കാലപൂർവ്വശുചീകരണപ്രവർത്തനം നടത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ പറഞ്ഞ തുക ശുചിത്വമിഷൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ശുചിത്വമിഷനിൽ നിന്ന് മേൽ തുക ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ശുചിത്വമിഷനിൽ നിന്ന് തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തനതുഫണ്ട് ചെലവുകൾ

1) നിർമ്മാണ പ്രവർത്തനങ്ങൾക്ക് വൈദ്യുതി നൽകി-തനത് ഫണ്ടിന് നഷ്ടം

പഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി കൺസ്യൂമർ നം.(6 ബി താരീഫിലുള്ള) 28505 ആണ്. ഓഫീസ് പുതുക്കി പണിയുന്നതിന് മുൻപ് ഓഫീസിന്റെ വൈദ്യുതി നിരക്ക് 2610/-രൂപയായിരുന്നു. എന്നാൽ 22.4.2016ലെ 69ാം നമ്പർ വൗച്ചർപ്രകാരം 17107രൂപയുടെ വൈദ്യുതി ചാർജ്ജാണ് പഞ്ചായത്ത് കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുള്ളത്. ആയത് നിർമ്മാണാവശ്യത്തിനുള്ള 7A താരീഫിലുള്ള നിരക്കാണെന്നാണ് കെ.എസ്.ഇ.ബി രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഓഫീസിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതിനാലാണ് ഉയർന്ന നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കിയതെന്നും കെ.എസ്.ഇ.ബി വ്യക്തമാക്കിയിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കാമെന്ന് പറയുന്നു. ആയതിനാൽ പഞ്ചായത്ത് ഓഫീസിന്റെ സാധാരണ (6B)വൈദ്യുതി താരീഫിലുള്ള വൈദ്യുതി നിരക്ക് കുറച്ച് ബാക്കി തുക(14497/-) പഞ്ചായത്ത് ഓഫീസിൽ നിർമ്മാണപ്രവർത്തനത്തിന് കരാർ എടുത്തിട്ടുള്ള കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരനിൽ നിന്ന് മേൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് പറയുന്നു. തനതുഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

2) ആർ.ഓ പ്ലാന്റുകൾ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിട്ടില്ല. തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു

2011-12കാലയളവിലെ പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിലെ 1,3,7,10 എന്നീ വാർഡുകളിൽ ആർ ഓ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ഓരോ പ്ലാന്റിനും പ്രതിവർഷം 20000/-രൂപയോളം പഞ്ചായത്ത് ഫണ്ടിൽ നിന്ന് വൈദ്യുതി ചാർജ്ജിനത്തിലും റിപ്പയർ & മെയിന്റനൻസിനത്തിലും ചെലവഴിക്കുന്നുണ്ട്. ആയത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഗുണഭോക്തൃസമിതികൾ വഴി ചെലവ് വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ആർ.ഓ പ്ലാന്റുകൾ ബന്ധപ്പെട്ട ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വക്കീൽ ഫീസിനത്തിൽ സർക്കാർ ഉത്തരവ് മറികടന്ന് തുക ചെലവ് ചെയ്തു

ആലപ്പുഴ മുൻസിഫ് കോടതിയിലെ ഓ എസ്സ് 204/2013 നമ്പർ കേസ്സിന്റെ നടത്തിപ്പിനായി വക്കീൽ ഫീസിനത്തിൽ അഡ്വ.ജയദേവിന് 7500/-(വൗച്ചർ നം.573/27.9.2016)രൂപയും അഡ്വ.സനൽകുമാറിന് 10000/-(വൗച്ചർ നം. 578/27.9.16) രൂപയും നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്സ്) 36/2016/തസ്വഭവ പ്രകാരം ഒരു കേസ്സിന് 15000/-രൂപ നൽകുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ. കൂടാതെ, 50,000/-രൂപ വരെ വകുപ്പദ്ധ്യക്ഷന്റെ അനുമതിയോടുകൂടി ചെലവഴിക്കാവുന്നതാണ്. ആയതിനാൽ 17500/-രൂപ നൽകിയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രണ്ടും രണ്ടുതരത്തിലുള്ള കേസ്സാണെന്നാണ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഒരു കേസ്സിനെപ്പറ്റി മാത്രമാണ് വൗച്ചറിൽ പറയുന്നത്. സ്യൂട്ട് രജിസ്റ്ററിലും ഒരേ നമ്പരാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഉത്തരവുപ്രകാരം അധികം തുക ചെലവ് ചെയ്യുന്നതിന് വകുപ്പ് അദ്ധ്യക്ഷന്റെ അനുമതി തേടേണ്ടതാണ്. ആയതിനാൽ അധികം നൽകിയ 2500/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

4) ഒരേ വിഷയത്തിന് രണ്ട് പേർ കേസ്സ് നൽകി. രണ്ട് കേസ്സായി പരിഗണിച്ച് രണ്ട് വക്കീൽ ഫീസ് നൽകി

ആര്യാട് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ.നടരാജൻ, മനോജ് ഭവൻ, ശ്രീമതി.ബീമ അയൂബ്, വലിയകോവിലകം എന്നിവർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച wp(c) 16244/2016,wp(c) 35185/2015 എന്നീ കേസ്സുകളുടെ നടത്തിപ്പിനായി 10.2.2017 ലെ 1018ാം നമ്പർ വൗച്ചർ പ്രകാരം 30000/-രൂപ അഡ്വ.എസ്.സനൽകുമാറിന് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രണ്ട് അന്യായങ്ങളും ഒരേ വിഷയമായതിനാലും സമാന സ്വഭാവമുള്ളതായതിനാലും രണ്ട് കേസ്സുകളിലും ഒരേ ദിവസം (29.9.2016)വിധി വന്നിട്ടുള്ളതാണ്. മാത്രമല്ല രണ്ട് കേസ്സിലും ഒരേ ജഡ്ജിയാണ് (Justice.വിനോദ് ചന്ദ്രൻ) വാദം കേൾക്കുകയും വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവ് (എം.എസ്)36/2016/തസ്വഭവ പ്രകാരം ഒരു കേസിന് 15000/-രൂപ നൽകുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ. ഒറ്റ കേസ്സായി പരിഗണിച്ച് 15000/-രൂപ നൽകുന്നതിനു പകരം സർക്കാർ ഉത്തരവ് മറികടന്ന് തുക ചെലവ് ചെയ്തതിന്റെ കാരണവും മേൽ കേസുകൾക്ക് മുൻ വർഷങ്ങളിൽ നൽകിയ തുകകളുടെ വിശദാംശങ്ങളും നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ രണ്ടും രണ്ടുതരത്തിലുള്ള അന്യായങ്ങളാണെന്നും കൈപ്പറ്റ് രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവ് രേഖകളില്ലാതെ തുക ചെലവ് ചെയ്ത സാഹചര്യത്തിൽ 30000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5) ചെലവ് രേഖകൾ ഇല്ലാതെ തുക ചെലവഴിക്കുന്നു

താഴെ പറയുന്ന വൗച്ചറുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം | തീയതി | തുക |
|---|---|---|---|
| 1 | 412 | 11.8.16 | 20700/- |
| 2 | 423 | 11.8.16 | 940/- |
| 3 | 426 | 18.6.16 | 2000/- |
| 4 | 528 | 7.9.16 | 4392/- |
| | ആകെ | | 28032/- |

ചെലവ് രേഖയില്ലാതെ വൗച്ചർ പാസ്സാക്കിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് രേഖകളില്ലാതെ തുക ചെലവഴിച്ച സാഹചര്യത്തിൽ 28032/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

6) റോഡ് പുനരുദ്ധാരണത്തിന് തനതുഫണ്ടിൽ നിന്നും രേഖകളില്ലാതെ തുക ചെലവ് ചെയ്തു

17.6.2016 ലെ 4ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്തിലെ 1 മുതൽ 9 വരെ വാർഡുകളിലെ റോഡുകളുടെ അറ്റകുറ്റപണി നടത്തിയതിന് 23.3.2017 ലെ 1236ാം നമ്പർ വൗച്ചർ പ്രകാരം 89930/-രൂപ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്, ചെലവ് രേഖകൾ, അളവ് പുസ്തകം, കൈപ്പറ്റ് രേഖകൾ മുതലായവ വൗച്ചറിനോടൊപ്പം

ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, 89930/-രൂപ 23.3.2017ലെ 1236ാം നമ്പർ ട്രഷറി ചെക്ക് പ്രകാരം അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണെന്നും കൺവീനർമാർ രേഖകൾ കൊണ്ട് വന്നിട്ടില്ലാത്തതിനാൽ തുക നൽകിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. യഥാർത്ഥ ചെലവ് രേഖകളില്ലാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട തുക ചെലവഴിക്കപ്പെടുന്നില്ലെങ്കിൽ തിരികെ തനത് ഫണ്ടിലേക്ക് ഒടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

7) ഔദ്യോഗിക വാഹനത്തിന് ശരിയായ മൈലേജ് ലഭിക്കുന്നില്ല

പഞ്ചായത്തിലെ ഔദ്യോഗിക വാഹനമായ KL-04 AE-4444 ബൊലേറോ ജീപ്പിന്റെ (2014 മോഡൽ) മൈലേജ് മെക്കാനിക്കൽ സബ് ഡിവിഷൻ എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയപ്രകാരം 12 km/ലിറ്ററാണ്. എന്നാൽ ലോഗ് ബുക്ക് പ്രകാരം മൈലേജ് 10km/litre മാത്രമാണ് ലഭിക്കുന്നത്. ആയതിനാൽ ഇന്ധനമിനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. മതിയായ മൈലേജ് ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വാഹനത്തിന്റെ പുതിയ മൈലേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാങ്ങിയിട്ട് മൂന്ന് വർഷം മാത്രമായ വാഹനത്തിന്റെ പ്രവർത്തനക്ഷമത പരിശോധിച്ച് തകരാറുകൾ പരിഹരിക്കേണ്ടതാണ്.

## 3-6 ഡിംഗ്ലീൻ - ബി.റ്റി.ആർ റോഡ് ടാറിംഗ് (പ്രോജക്ട് നം. S0013/17 ) - അപാകതകൾ

ഡിംഗ്ലീൻ ജംഗ്ഷനിൽ നിന്നും ബി.റ്റി.ആർ ജംഗ്ഷൻ വരെ 150 മീറ്റർ നീളത്തിൽ മെറ്റൽ ചെയ്തിട്ടുള്ള റോഡിൽ രണ്ടാമത്തെ മെറ്റലിംഗും ടാറിംഗും ചെയ്യുന്നതിനും അതിനുശേഷമുള്ള 45 മീറ്റർ നീളത്തിൽ ഗ്രാവൽ വിരിക്കുന്നതിനുമായി 300000 രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. DSR 2014 പ്രകാരമാണ് നിരക്ക് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം 2015-16 വർഷം ടാറിംഗ് പ്രവൃത്തികൾക്കായി 291853 രൂപ ആകെ മൂല്യം കണക്കാക്കുകയും നികുതികൾ കഴിച്ച് ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ.ഷിബു, കാളികാട്ട് പറമ്പ് എന്ന വ്യക്തിക്ക് 275333 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 31.03.2016-ൽ ഗുണഭോക്തൃ സമിതി യോഗം ചേരുകയും ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് കമ്മറ്റി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. പ്രസ്തുത കണക്കുകളിൽ ഗ്രാവൽ വാങ്ങിയതിനോ വിരിച്ചതിനോ തുക ചെലവഴിച്ചിട്ടില്ല. ഇതിനുശേഷം 18.04.2016-ൽ അളവുപുസ്തകം നം.108/2016 പേജ് 19 പ്രകാരം 11.20 $m^3$ ഫില്ലിംഗ് നടത്തിയതായി കാണിക്കുകയും പേജ് 20 പ്രകാരം 10.08 $m^3$ ആയി പരിമിതപ്പെടുത്തി 1030.20/$m^3$ നിരക്ക് പ്രകാരം 10384 രൂപ മൂല്യം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയായ 300000 രൂപയിൽ ക്ലിപ്തപ്പെടുത്തിയതിനാൽ ബിൽ നം. 12/23.12.16 പ്രകാരം 8147രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃസമിതി ഇത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. രേഖകൾ സഹിതം വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 8147 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.
2. ഗുണഭോക്തൃ സമിതി വഴി 2016-17 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യറാക്കിയിട്ടുള്ളത് 2014 DSR പ്രകാരമാണ്. 2014 ഡി.എസ്.ആർ പ്രകാരം 1 Kg ബിറ്റുമിന്റെ വില കൺവേയൻസ്, കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 73.88 രൂപയാണ്. SIDCO യുടെ 16.03.2016-ലെ 15721 നം ബിൽ പ്രകാരം 9 ബാരൽ ടാറിന് 45574 രൂപയാണ്. ഇത് പ്രകാരം 1kg ബിറ്റുമിന്റെ വില 31.3 രൂപയും കൺവേയൻസ് ഉൾപ്പെടെ 31.455 രൂപയുമാണ്. 424.10 $m^2$ വിസ്തീർണ്ണം ടാറിംഗ് നടത്തിയതിന് ഉപയോഗിച്ച ആകെ ബിറ്റുമിന്റെ അളവ് താഴെ പറയും 1255.34 kg ആണ്.

| ഇനം | വിസ്തീർണ്ണം | ഉപയോഗിച്ച ബിറ്റുമിൻ |
|---|---|---|
| Providing tack coat | 424.10 $m^2$ | 424.10 $m^2$ @ 0.75/$m^2$ = 318.075 kg |
| 2cm chipping carpet | 424.10 $m^2$ | 424.10 $m^2$ @ 1.44/$m^2$ = 610.704 kg |

| | | |
|---|---|---|
| Providing seal coat | 424.10 $m^2$ | 424.10 $m^2$ @ 0.77/m2 = 326.557 kg |
| Total | | 1255.34 kg |

അളവുപുസ്തകത്തിൽ ടാറിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. 1255.34 kgബിറ്റുമിന്റെ മാർക്കറ്റ് വില 39487രൂപ മാത്രമായിരിക്കെ കൺവീനർക്ക് 92745 രൂപയാണ് ഡി.എസ്.ആർ പ്രകാരം അനുവദിച്ചിട്ടുള്ളത്. 53258രൂപ അധികം അനുവദിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 53258 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3. ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ടാർ വീപ്പയുടെ വില കുറവാക്കി ഈടാക്കിയിട്ടില്ല. 8 ബാരൽ ടാറാണ് പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ കാലി വീപ്പയുടെ വിലയായി വില്പന നികുതി ഉൾപ്പെടെ 2000 രൂപ (8X250=2000) ഈടാക്കേണ്ടതാണ്.

ചെലവ്- 291853/- ബിൽ നം. 47/31.03.2016

8147/- ബിൽ നം. 12/23.12.2016

## 3-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി - കരാറുകാരിൽ നിന്ന് നികുതികൾ ഈടാക്കിയില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം താഴെ പറയുന്ന പതിനൊന്ന് പദ്ധതികൾ 2016-17 കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നികുതികളും മെറ്റീരിയലിന്റെ വിലയുമുൾപ്പെടെ കരാറുകാർക്ക് അനുവദിച്ചതായി അളവുപുസ്തകത്തിലും ബില്ലിലും രേഖപ്പെടുത്തിയതായി കാണുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | മെറ്റീരിയലിന്റെ വില | VAT | IT | കരാറുകാരുടെ പേര് | ഫണ്ട് ട്രാൻസ്ഫർ നം. FR No. |
|---|---|---|---|---|---|---|
| 1 | നൈത്താവെളി-എ.എസ്.കനാൽ ടൈൽ റോഡ് | 278734.58 | 11149 | 2787 | പ്രദീപ് വേലപ്പൻ | 551199 |
| 2 | സർഗ്ഗ – കാട്ടിങ്കിൽ ടൈൽ റോഡ് | 123097.92 | 4924 | 1231 | അനസ് നൈന | 556763 |
| 3 | ചാരംപറമ്പ് വേമ്പനാട്ട് കായൽ റോഡ് | 190964.36 | 7639 | 1910 | അബ്ദുൾ ഖാദർ കുഞ്ഞുനൈന | 14751 |
| 4 | തിരുവിളക്ക് പൊങ്ങാശ്ശേരി ടൈൽ റോഡ് | 371494.58 | 14860 | 3715 | അനസ് നൈന | 554330 |
| 5 | പ്രപഞ്ചം കായൽത്തീരം ടൈൽ റോഡ് | 159859.92 | 6394 | 1599 | പ്രദീപ് വേലപ്പൻ | 32726 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഭഗത് സിങ് മൈത്രി ടൈൽ റോഡ് | 417796.58 | 16712 | 4178 | അനസ് നൈന | 13017 |
| 7 | കന്നിട്ട പൂക്കാരൻ ടൈൽ റോഡ് | 399420.68 | 15977 | 3994 | പ്രദീപ് വേലപ്പൻ | 551189 |
| 8 | NSS കരയോഗം-തറയിലപറമ്പ് ടൈൽ റോഡ് | 194172.9 | 7767 | 1942 | അബ്ദുൾ ഖാദർ കുഞ്ഞുനൈന | 553967 |
| 9 | കൈരളി - മുനിസിപ്പൽ ടൈൽ റോഡ് | 215572.87 | 8623 | 2156 | ബിനീഷ് കുമാർ | 32267 |
| 10 | ലിറ്റിൽ ഫ്ലവർ ടൈൽ റോഡ് | 188653.67 | 7546 | 1886 | ബിനീഷ് കുമാർ | 37270 |
| 11 | PHC നടപ്പാത | 116353 | 4654 | 1163 | ബിനീഷ് കുമാർ | 551213 |
| | ആകെ | | 106245 | 26561 | | |

ആവശ്യമായ നികുതികൾ കരാറുകാരിൽ നിന്ന് ഈടാക്കാതെ ആകെ തുക അനുവദിച്ചതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നികുതികൾ അടച്ചാൽ മാത്രമേ സെക്യൂരിറ്റിതുക തിരികെ നൽകുകയുള്ളൂവെന്ന് കരാറുകാരെ അറിയിച്ചിട്ടുണ്ടെന്നും ഉടനെ തന്നെ ഈ നികുതികൾ ട്രഷറിയിൽ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതികൾ ഈടാക്കാതെ തുക അനുവദിച്ചതുവഴി വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് 1,06,245 രൂപയുടെയും കേന്ദ്രസർക്കാരിന് ആദായനികുതിയിനത്തിൽ 26561/-രൂപയുടെയും നഷ്ടം ഉണ്ടായിട്ടുണ്ട്. കരാറുകാരിൽ നിന്ന് തുക ഈടാക്കാത്തപക്ഷം ആയത് അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-8 വിവിഎസ്സ്ഡി. എൽപിഎസ്സിന് ഐടി ഉപകരണങ്ങൾ

പ്രോജക്റ്റ് നം. s0066/17

നിർവ്വഹണം : ഹെഡ്മിസ്ട്രസ്, ഗവ.വിവിഎസ്സ്ഡി എൽപിഎസ്സ്.

അടങ്കൽ 1,00,000

ചെലവ് 74,000/-

ബിൽ നം. 3/16-17

ഹെഡ്മിസ്ട്രസ്, ഗവ.വിവിഎസ്സ്ഡി എൽപിഎസ്സിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കാൻ ഐടി ഉപകരണങ്ങൾ വാങ്ങുക എന്നതായിരുന്നു പദ്ധതി. അതിനായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നു. 3 ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ സ്മാർട്ട് ക്ലാസ്സിനായി സ്കൂളിന് എന്തൊക്കെ ഐടി ഉപകരണങ്ങളാണ് വേണ്ടതെന്നോ, അവയ്ക്ക് എന്തൊക്കെ സ്പെസിഫിക്കേഷനാണ് വേണ്ടതെന്നോ ക്വട്ടേഷനുകൾ ക്ഷണിച്ചപ്പോൾ പറഞ്ഞതായി കാണുന്നില്ല.

അതുപോലെ കെൽട്രോ സമർപ്പിച്ച ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ (70,999/- )രേഖകളില്ലയെന്ന കാരണത്താൽ നിരസിച്ചതായി കാണുന്നു. എതൊക്കെ രേഖകളാണില്ലാത്തത് എന്ന വിശദീകരണങ്ങളൊന്നും ഫയലിലില്ല. പിന്നീടുള്ള കുറഞ്ഞ ക്വട്ടേഷൻ ആർ. ജെ എൻറർപ്രൈസസിന്റേതാണ്. (72,300/-) എന്നാൽ ഓർഡർ നൽകിയിരിക്കുന്നതാകട്ടെ കെ.എം. ടെക്നോളജീസിനും. (74,000/-) ഇതിനായി പഞ്ചായത്ത് ഭരണസമിതി 21-12-2016 ൽ തീരുമാനമെടുത്തിരിക്കുന്നത് (തീരുമാനം നം.15) പദ്ധതി നിർവ്വഹണം നടത്തിയ ഹെഡ്മിസ്ട്രസിന്റെ കത്തിന്റെ

അടിസ്ഥാനത്തിലാണ്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 15) മറുപടിയിൽ പറഞ്ഞിരിക്കുന്നത് കെ.എം. ടെക്നോളജീസിന്റെ ഓർഡറാണ് മറ്റ് രണ്ട് ഓർഡറിനേക്കാളും നിലവാരമുള്ളതായി അറിഞ്ഞതെന്നും, ഈ വിവരം പഞ്ചായത്ത് ഭരണസമിതിയെ അറിയിച്ച് ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കെ.എം. ടെക്നോളജീസിന് പർച്ചേസ് ഓർഡർ നൽകിയതെന്നുമാണ്. എന്നാൽ നിലവാരം നിശ്ചയിച്ചതെങ്ങിനെയെന്നും, ആരാണെന്നുമറിയില്ല.

ഇതുപോലെ ഐടി സംബന്ധമായ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ, പ്രസ്തുത വിഷയത്തിൽ സമർത്ഥരായവരുടെ അഭിപ്രായം ആരായാതെ, തികഞ്ഞ ലാഘവത്തോടെ ഐടി അനുബന്ധ പ്രോജക്ടുകൾ നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെ തന്നെ ഇല്ലാതാക്കും. ഇത് ശരിയായ പ്രവണതയല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല-നഷ്ടം 3,83,191/-

പ്രോജക്ട് നം. – 54/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ

അടങ്കൽ – 4,00,000/-

ചെലവ് – 4,00,000/-

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കുവേണ്ടി 24.1.2017 ലെ 3A/2016-17 ാം ബിൽ പ്രകാരം 4,00,000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 16809/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 3,83,191/-രൂപയുടെ മരുന്നുകൾ നാളിതുവരെയായി ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബാക്കി തുകയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 3,83,191/-രൂപയുടെ മരുന്നുകൾ നാളിതുവരെയായി ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് നിരാകരിക്കുന്നു.

## 3-10 ആയുർവേദാശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല - നഷ്ടം 2,32,469/-

1) പ്രോജക്ട് നം. S.007/17

പ്രോജക്ടിന്റെ പേര് : മഴക്കാലരോഗപ്രതിരോധ പ്രവർത്തനങ്ങൾ

അടങ്കൽ : 1,00,000/-

ചെലവ് - 1,00,000/-

മരുന്ന് വാങ്ങുന്നതിനായി 1,00,000/- രൂപ ബിൽ നം. 2A/16-17 തീയതി. 27.1.17 (ഡി.ഡി.നം.296348/3.2.17)പ്രകാരം ഔഷധിക്ക് നൽകിയെങ്കിലും 46567/-രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെയായി ലഭിച്ചിട്ടുള്ളൂ. ഈ പദ്ധതിയിൽ 53433/-രൂപയുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്

2) പ്രോജക്ട് നം. 053/17

പ്രോജക്ടിന്റെ പേര്: ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ

അടങ്കൽ : 5,00,000/-

ചെലവ് : 5,00,000/-

ബിൽ നം.1A/2016-17 തീ.30.1.17പ്രകാരം മരുന്ന് വാങ്ങുന്നതിനായി 5,00,000/-രൂപ ഔഷധിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 320964/-രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെയായി ഡിസ്പെൻസറിക്ക് ലഭിച്ചിട്ടുള്ളത്. ബാക്കി 1,79,036/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മേൽ പറഞ്ഞ തുകയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നാളിതുവരെയായി മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2,32,469/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-11 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം.71/16-17) - അപാകതകൾ

പ്രസ്തുത പ്രോജക്ട് പ്രകാരം പാലിന് സബ്സിഡി നൽകുന്നതിനായി വികസനഫണ്ട് 350000 രൂപയും ബ്ലോക്ക് വിഹിതം 300000രൂപയും ഉൾപ്പെടെ 650000രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൈതത്തിൽ KUCS A 138 (1) ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി, പരിശോധിക്കുവാൻ സാധ്യമാകുന്ന തരത്തിൽ ആകെ തുക കണക്കാക്കിയിട്ടില്ല. മാത്രമല്ല, സ്റ്റേറ്റ്മെന്റിൽ സ്ഥാപനം ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ ആധികാരികവുമല്ല. സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത് തെളിയിക്കുന്നതിനാവശ്യമായ രേഖകളും ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം മാത്രമാണുള്ളത്. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് സ്റ്റേറ്റ്മെന്റിൽ സ്ഥാപനത്തിന്റെ സാക്ഷ്യപ്പെടുത്തൽ വരുത്തി ഹാജരാക്കി. എന്നാൽ ചെലവിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ചുവടെ നിരാകരിച്ച തുക കിഴിച്ച് ബാക്കി 648097 രൂപ (650000- 1903) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ ഒരു ഗുണഭോക്താവായ ശ്രീ.സുനിൽ.ആർ, സുധീർ നിവാസ് എന്ന വ്യക്തിക്ക് 21903 രൂപ സബ്സിഡി നൽകിയതായി കാണുന്നു. 30.06.2016-ലെ സ.ഉ (സാധാ) നം. 2037/2016/ത.സ്വ.ഭ.വ പ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി 20000 രൂപയാണ്. അധികം നൽകിയ തുക 1903 രൂപ ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഡയറി ഫാം ഇൻസ്ട്രക്ടറിൽ നിന്നോ ഈടാക്കേണ്ടതാണ്.

ചെലവ്

350000/- ബിൽ നം. AGP 1/28.02.2017

300000/- ചെക്ക് നം. 1260567/23.03.2017

## 3-12 പഠനം പൂർത്തിയാക്കിയതിനു ശേഷം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലായി SC/ST വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, ഫർണീച്ചർ, സൈക്കിൾ തുടങ്ങിയവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ വിതരണം അദ്ധ്യായനവർഷം അവസാനിച്ചപ്പോൾ മാത്രമാണ് നടത്തിയിട്ടുള്ളത്. തൻമൂലം യഥാർത്ഥ ഗുണഭോക്താവല്ലാത്തവർക്ക് കൂടി ആനുകൂല്യം വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1. ബിരുദ, പോളിടെക്നിക് കോഴ്സിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-S095/17

പ്രോജക്ട് പ്രകാരം 17 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനായി ബിൽ നം.13/3-3-17 പ്രകാരം 406200 രൂപ പിൻവലിച്ച് ലാപ് ടോപ്പിന്റെ വിലയായി ആൽഫാനെറ്റ് സിസ്റ്റംസ് ചേർത്തലയ്ക്ക് നൽകി. എന്നാൽ ലാപ് ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികളുമായി പഞ്ചായത്ത് കരാർ വച്ചിട്ടില്ല. മാത്രമല്ല 2017 മാർച്ചിൽ പഠനം പൂർത്തിയാക്കിയ നാല് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തതായി കാണുന്നു.

2. എസ്.ടി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

പ്രോജക്ട് പ്രകാരം 8 എസ്.ടി.വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം ചെയ്യുന്നതിനായി ബിൽ നം.17/5-3-17 പ്രകാരം 36000 രൂപ പിൻവലിച്ച് സിഡ്കൊ-യ്ക്ക് നൽകി. ഈ വിദ്യാർത്ഥികളിൽ ഒരാൾ 2017 മാർച്ചിൽ പഠനം പൂർത്തിയാക്കിയതാണ്.

3. എസ്.ടി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

പ്രോജക്ടിന്റെ നടത്തിപ്പിനായി ബിൽ നം.21/31-3-17പ്രകാരം 100000രൂപയും ബിൽ നം.30/31-3-17പ്രകാരം 40000രൂപയും പിൻവലിച്ച് 35 സെറ്റ് മേശ, കസേര എന്നിവയ്ക്കായി സിഡ്കൊ യ്ക്ക് നൽകി.ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളിൽ അഞ്ച് പേർ 2017 മാർച്ചിൽ പഠനം പൂർത്തിയാക്കിയതാണ്.

4. 8,9,10 ക്ലാസിൽ പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികൾക്ക് സൈക്കിൾ. S157/17

3 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനായി ബിൽ നം.20/23-3-17 പ്രകാരം 11470 രൂപ പിൻവലിച്ച് സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനംതിട്ടയ്ക്ക നൽകി ഈവിദ്യാർത്ഥികളിൽ 2 പേർ 2017 മാർച്ചിൽ പഠനം പൂർത്തിയാക്കിയതാണ്.

5. 8,9,10 ക്ളാസിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ. S064/17

പ്രോജക്ടിനായി ബിൽ നം.15/15-3-17 പ്രകാരം 145820 രൂപയും ബിൽ നം. 25/31-3-17 പ്രകാരം11370 രൂപയും പിൻവലിച്ച് 39 സൈക്കിളിന്റെ വിലയായി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനംതിട്ടയ്ക്ക് നൽകി. ഈ വിദ്യാർത്ഥികളിൽ 11പേർ 2017 മാർച്ചിൽ പഠനം പൂർത്തിയാക്കിയതാണ്.

വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനായി നടപ്പാക്കുന്ന പ്രോജക്ടുകൾ അവരുടെ പഠനകാലത്തുതന്നെ ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ നടപ്പാക്കേണ്ടതാണ്.

## 3-13 മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് - ഫണ്ട് മാറിയെങ്കിലും അക്കൗണ്ടിൽ വരവ് വെച്ചില്ല

പ്രോജക്ട് നം. S0050/17

പ്രോജക്ടിന്റെ പേര് : മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്

അടങ്കൽ- 5,30,000/-

ചെലവ്- 3,97,500/-

വികസനഫണ്ടിൽ നിന്ന് 2,65,000/-രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 132500/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 132500/-രൂപയും ഉൾപ്പെടെ 5,30,000/-രൂപയാണ് പദ്ധതി നടത്തിപ്പിന് നീക്കിവെച്ചിരുന്നത്. വികസനഫണ്ടും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടെയുള്ള തുകയായ 3,97,500/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 1,32,500/-രൂപ അനുവദിച്ചെങ്കിലും ആയത് പഞ്ചായത്തിന്റെ അക്കൌണ്ടിൽ വരവ് വച്ചിട്ടില്ല. ബാങ്ക് അക്കൗണ്ട് നമ്പർ കൃത്യമായി നൽകാതിരുന്നതുമൂലം ജില്ലാ പഞ്ചായത്ത് വിഹിതം മറ്റേതോ അക്കൗണ്ടിലേക്ക് ക്രഡിറ്റാവുകയും യഥാസമയം പഞ്ചായത്തിന് ലഭിക്കാതിരിക്കുകയും ചെയ്തു. ആയതിനാൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് യഥാസമയം ആനുകൂല്യം നൽകുവാൻ സാധിച്ചിട്ടില്ല. പദ്ധതി തുക അനുവദിച്ചിട്ടും തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തതിന്റെ കാരണവും, പദ്ധതി സ്പിൽ ഓവറായി മാറ്റാതിരുന്നതിന്റെ കാരണവും അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമയബന്ധിതമായി പണം ലഭിക്കാതിരുന്നതുമൂലമാണ് പണം ചെലവഴിക്കുവാൻ സാധിക്കാതിരുന്നതെന്നും സ്പിൽ ഓവറാക്കി ഇപ്പോൾ മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് പോലെയുള്ള പദ്ധതികളുടെ ഫണ്ട് യഥാസമയം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 3-14 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി -ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം മൂന്ന് എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ഒരു ലക്ഷം രൂപ വീതം നൽകി. ഇതുമായി ബന്ധപ്പെട്ട ഫയലിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഓരോ പഠനമുറിക്കും 120000 രൂപയുടെ ചെലവ് വന്നിട്ടുണ്ടെന്ന മാത്രമാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. നിർമ്മിച്ച വീടിന്റെ ഏരിയ, തരം തുടങ്ങിയവ മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഈ നിർമ്മാണവും കൂടി പരിഗണിച്ച് അസസ്സ്മെന്റ് രജിസ്റ്ററിൽ മാറ്റം വരുത്തിയിട്ടുമില്ല. ഈ പോരായ്മകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 വിവിധ പ്രവൃത്തികൾക്കായി ഇലക്ട്രിസിറ്റി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി വിവിധ പ്രവൃത്തികൾക്കായി ഇലക്ട്രിസിറ്റി ബോർഡിൽ പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് ആവശ്യമായ കരാർ, പ്രവൃത്തി ആരംഭിച്ചതിന്റെ വിവരങ്ങൾ തുടങ്ങിയവ ഓഡിറ്റിനായി ഹാജരാക്കിയില്ല.

1) സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ S147/17

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ബിൽ നം.41&48/31.03.2017 പ്രകാരം 123977 രൂപ പ്ലാൻ ഫണ്ടും 148098 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 272075 രൂപ ചേർത്തല കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തു. ഇലക്ട്രിസിറ്റി ബോർഡിന്റെ 23.03.2017-ലെ DB/SL/AS 52/16-17/EE/ED/CTLA കത്ത് പ്രകാരം 191275 രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിരുന്നതെങ്കിലും 272075 രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തു. അധികം നൽകിയ 80800 രൂപ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും തിരികെ

വാങ്ങേണ്ടതാണ്. എസ്റ്റിമേറ്റ് തുകയിൽ അധികമായി നൽകിയ തുക നിരാകരിക്കുന്നു. വേലയുമായി ബന്ധപ്പെട്ട കരാർ, വേല ആരംഭിച്ചതിന്റെ രേഖകൾ തുടങ്ങിയവ ഹാജരാക്കാത്തതിനാൽ 191217 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ S037/17

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.യുടെ 07.03.2017-ലെ DB 11/AGP/2016-17/65 - ാം നമ്പർ കത്തു പ്രകാരം 154773 രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും 20.03.2017- ലെ ബിൽ നം. 28 പ്രകാരം ഒരു ലക്ഷം രൂപയും ബിൽ നം.30 പ്രകാരം 54773 രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ഇലക്ട്രിസിറ്റി ബോർഡിനു നൽകുകയുമുണ്ടായി. 10.01.2017-ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 9(4)തീരുമാനപ്രകാരം 18-ാം വാർഡിലെ ഐക്യഭാരതം - എ.എസ് കനാൽ റോഡ് നിർമ്മാണ കമ്മറ്റി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന്റെ ചെലവ് വഹിക്കാമെന്ന് അറിയിച്ചിട്ടുള്ളതിനാൽ ഇതിനായി പ്രത്യേകം എസ്റ്റിമേറ്റ് കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചതായി കാണുന്നു. തുടർന്ന് ഇലക്ട്രിസിറ്റി ബോർഡ് ഇതിനായി നിശ്ചയിച്ച 13818 രൂപയുടെ എസ്റ്റിമേറ്റ് പഞ്ചായത്തിന് നൽകി. ഈ 13818 രൂപ കൂടി ഉൾപ്പെടെയാണ് ആകെ എസ്റ്റിമേറ്റ് 154773 രൂപ കാണിച്ചിട്ടുള്ളത്. റോഡ് നിർമ്മാണ കമ്മറ്റി വഹിക്കാമെന്ന് ഏറ്റിട്ടുള്ള തുക ഉൾപ്പെടെ കെ.എസ്.ഇ.ബി.യ്ക്ക് നൽകിയതിന്റെ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ18-ാം വാർഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത 13818 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാർ, വേല ആരംഭിച്ചതുമായി ബന്ധപ്പെട്ട രേഖകൾ തുടങ്ങിയവ ഹാജരാക്കാത്തതിനാൽ 13818 രൂപ കിഴിച്ച് ബാക്കി 140955 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 വായന സമൂഹത്തിന്റെ വളർച്ചയ്ക്ക്- രേഖകൾ അപൂർണ്ണം

പ്രോജക്റ്റ് നം. S0052/17

നിർവ്വഹണം : ഹെഡ്മിസ്ട്രസ്, ഗവ.വിവിഎസ്സ്ഡി എൽപിഎസ്സ്.

അടങ്കൽ – 40,000

ചെലവ് – 33040/-

ഡി.ഡി.നം. 297843 മുതൽ 297856 വരെ തീയതി, 15.06.17 @2360/-

ഗവ.വിവിഎസ്സ്ഡി എൽ.പി.എസ്. ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ വായന സമൂഹത്തിന്റെ വളർച്ചയ്ക്ക് എന്ന പദ്ധതിയിൽ 14 വായനശാലകൾക്ക് പത്രമാസികകൾ വരുത്തുന്നതിന് പണം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി 33040/-രൂപ (@2360x14) തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ആനുകൂല്യം നൽകിയ 14 വായനശാലകളിൽ, ഹാജരാക്കിയിട്ടുള്ള 10 വായനശാലകളുടെ ബില്ലുകളിൽ ഏതൊക്കെ പത്രമാണ് വരുത്തുന്നതെന്നോ, ഓരോന്നിനും എത്ര വീതം തുക നൽകിയതെന്നോ ഉള്ള വിവരങ്ങൾ ഇല്ല. ചില ബില്ലുകളിൽ കാലയളവു പോലും രേഖപ്പെടുത്തിയിട്ടില്ല. 4 വായനശാലകൾ ധനസഹായം നൽകണമെന്ന് കാണിച്ച് പഞ്ചായത്തിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അവർക്കും സാമ്പത്തിക സഹായം നൽകുന്നതിന് തുക പിൻവലിച്ചിട്ടുണ്ട്. ഇതിനായി പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തതിന്റെയും മറ്റും വിവരങ്ങളൊന്നും ഹാജരാക്കിയിട്ടില്ല. ഡി.ഡി.വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ തുക കൈപ്പറ്റിയിരിക്കുന്നത് 5 പേർ മാത്രമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 5 വായനശാലകൾ മാത്രമാണ് ഇതുവരെ തുക കൈപ്പറ്റിയതെന്നും ഡി.ഡി. കൈപ്പറ്റുന്നതിനനുസരിച്ച് ഓരോ സ്ഥാപനത്തിൽ നിന്നും രേഖകൾ ആവശ്യപ്പെടുകയും ചെയ്യുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. മതിയായ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-17 വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 758 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 3,33,375/-രൂപ തനത് ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ അടച്ചുവരുന്നു. പഞ്ചായത്തിലെ ഓരോ വാർഡുകളിലുമുള്ള പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2016-17 കാലയളവിൽ ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ 140 പേർക്ക് വാട്ടർ അതോറിറ്റി കണക്ഷൻ നൽകിയിട്ടുണ്ട് ജി.ഒ(ആർ.ടി).2242/2011/തസ്വഭവ/28.9.2011 പ്രകാരം വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കിയാണ് വാട്ടർ അതോറിറ്റിയിൽ തുക അടക്കേണ്ടത്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വാട്ടർ അതോറിറ്റിയോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും അവർ തയ്യാറായിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ കൊണ്ടുവരേണ്ടതും സംയുക്തപരിശോധന എത്രയും വേഗം നടത്തി പൊതുടാപ്പുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതും ഗാർഹിക കുടിവെള്ള

കണക്ഷൻ അനുവദിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ പൊതുടാപ്പുകൾ മാത്രം നിലനിർത്തേണ്ടതുമാണ്.

## 3-18 ഫയലുകൾ ഹാജരാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം/പേര് | എസ്റ്റിമേറ്റ് | ചെലവ് | ബിൽനം/ചെക്ക് നം./ തീയതി |
|---|---|---|---|---|
| 1 | S0018/17<br>23-ാം നമ്പർ അംഗൻവാടി റോഡ് ഗ്രാവലിംഗ് | 100000 | 30270 | 32/31.03.17 |
| 2 | S0019/17<br>അംഗൻവാടി നം.1 കെട്ടിടനിർമ്മാണം. | 163131 | 38659 | 8665015/4.2.17 |
| 3 | S0015/17<br>ചാരമ്പറമ്പ് -തീരദേശം റോഡ് മെറ്റലിംഗ് വാർഡ് 7 | 300000 | 70474 | 35/31.03.17 |
| 4 | S0108/17<br>പഞ്ചായത്ത് ഓഫീസ് കെട്ടിടം-അധികസൗകര്യങ്ങൾ രണ്ടാം ഘട്ടം | 420000 | 339413 | 33/31.03.17 |
| 5 | S0131/17<br>വനിതാകേന്ദ്രം കെട്ടിടം പുനർ നിർമ്മാണം | 400000 | 180741 | 30/31.03.17 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫയലുകൾ ഫൈനൽ ബിൽ അംഗീകരിക്കുന്നതിനായി എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസിൽ ഹാജരാക്കിയതിനാലാണ് പരിശോധനയ്ക്ക് നൽകാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആകെ ചെലവുതുക 6,59,557/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

2016-17 വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ബാലൻസ് ഷീറ്റിലെ ആസ്തികളുടെ ആകെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

2) രജിസ്റ്റർ പ്രകാരം ഓഡിറ്റ് റിക്കവറി 48543 രൂപയാണുള്ളത്. എന്നാൽ വാർഷിക കണക്കിൽ RP10-ൽ 1000 രൂപയാണ് വരവുള്ളത്.

3) തനത് വരുമാനവുമായി ബന്ധപ്പെട്ട ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.
4) വിവിധ പ്രവൃത്തികൾക്കായി EBൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് 426848/-രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 440468/-രൂപയാണ് ഈ ഇനത്തിൽ ചേർത്തിട്ടുള്ളത്.
5) സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിനായി ലഭിച്ച 132500/-രൂപ തനത് വരുമാനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4-2. സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 148098 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 148098 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | പാലിയേറ്റീവ് കെയർ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 132500 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 132500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 263128 | അംഗൻവാടി അനുബന്ധസൗകര്യങ്ങൾ | 0 | 263128 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 28/20.03.2017<br>30/20.03.2017 | 154773 | - | 154773 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 41/31.03.2017<br>48/31.03.2017 | 272075 | - | 272075 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ രവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 31//2010 /ത.സ്വ.ഭ.വ തീയതി 28.01.2010 | 11458500 | 3437550 | 1220850 | - | 2216700 | |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 48543 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2006-07 | | 3822 | ശ്രീമതി.രേഖ രവീന്ദ്രൻ | 11603100639/ 07.05.2016 |
| 2013-14, 2014-15 | 3-6 | 40495 | ശ്രീമതി.സിസി ആന്റണി, അസിസ്റ്റന്റ്എഞ്ചിനീയർ | 11603101530/ 29.07.2016 |
| 2013-14, 2014-15 | 3-9 | 1000 | ശ്രീ.ഫിലിപ്പോസ് ജോസഫ് | 11603101721/ 12.08.2016 |
| 2002-03 | 3-2 | 360 | ശ്രീ.കൃഷ്ണൻകുട്ടി | 11603100537/ 03.05.2016 |
| | | 360 | ശ്രീ.കൃഷ്ണൻകുട്ടി | 11603100537/ 03.05.2016 |
| | 3-3 | 1570 | ശ്രീ.കൃഷ്ണൻകുട്ടി | 11603101184/ 25.06.2016 |
| | 3-1 | 936 | ശ്രീ.കൃഷ്ണൻകുട്ടി | 11603100536/ 03.05.2016 |
| ആകെ | | 48543 | | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50345728 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48450000 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1545563 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1904898 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 13020 | ശ്രീമതി. വീണ.എസ്, സെക്രട്ടറി |
| 3-2 | | 33060 | ശ്രീമതി. വീണ.എസ്, സെക്രട്ടറി |
| 3-3 | | 46900 | ശ്രീമതി.പ്രീതി ജോസ്, ഹെഡ്മിസ്ട്രസ്. |
| 3-4(1) | | 660000 | ഡോ.കണ്ണൻ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-5(1) | | 14497 | ശ്രീമതി.സുബൈദാ ബായി അസിസ്റ്റന്റ് സെക്രട്ടറി |
| 3-5(3) | | 2500 | ശ്രീമതി.വീണ.എസ്, സെക്രട്ടറി |
| 3-6(1) | | 8147 | ശ്രീമതി.ആഭ.വി.എസ്., അസിസ്റ്റന്റ്എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | |
| 3-6(2) | | 53258 | ശ്രീമതി.സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6(3) | | 2000 | ശ്രീമതി.ആഭ.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 383191 | ഡോ.മനു മോഹൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-10(1,2) | | 232469 | ഡോ.മനു മോഹൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-11 | | 1903 | ശ്രീ.സുനിൽകുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-15(1)<br>3-15(2) | | 80800<br>13818 | ശ്രീമതി.വീണ.എസ്, സെക്രട്ടറി |
| ആകെ | | 1545563 | |

<u>തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(2) | 100000 | ഡോ.കണ്ണൻ, മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി |
| 3-5(4) | 30000 | ശ്രീമതി.വീണ.എസ്., സെക്രട്ടറി |
| 3-5(5) | 26032 | ശ്രീമതി.വീണ.എസ്., സെക്രട്ടറി |

| | | |
|---|---|---|
| | 2000 | ശ്രീമതി. സുബൈദാ ബായി, അസിസ്റ്റന്റ്സെക്രട്ടറി |
| 3-8 | 74000 | ശ്രീമതി.പ്രീതി ജോസ്, ഹെഡ്മിസ്ട്രസ്. |
| 3-11 | 648097 | ശ്രീ.സുനിൽകുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-15(1) | 191217 | ശ്രീമതി.വീണ.എസ്, സെക്രട്ടറി |
| 3-15(2) | 140955 | ശ്രീമതി.വീണ.എസ്, സെക്രട്ടറി |
| 3-16 | 33040 | ശ്രീമതി.പ്രീതി ജോസ്, ഹെഡ്മിസ്ട്രസ്. |
| 3-18 | 659557 | ശ്രീമതി.ആഭ.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1904898 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-7 | VAT - 106245<br>IT - 26561 | ശ്രീമതി.സുബൈദാ ബായി, അസിസ്റ്റന്റ്സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വീണ.എസ് | സെക്രട്ടറി, ആര്യാട് ഗ്രാമ പഞ്ചായത്ത് | വടക്കേ വാര്യത്ത്<br>തോണ്ടൻകുളങ്ങര<br>ആലപ്പുഴ |
| ശ്രീമതി. ഐ.സുബൈദാ ബായി | അസിസ്റ്റന്റ്സെക്രട്ടറി, ആര്യാട് ഗ്രാമ പഞ്ചായത്ത് | സുഹാസ്, അവലൂക്കുന്ന് പി.ഒ |

| | | |
|---|---|---|
| ഡോ.മനമോഹൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, ആര്യാട് ഗ്രാമ പഞ്ചായത്ത് | ശ്രീദളം ഹൗസ്, തുറവൂർ. പി.ഒ ചേർത്തല |
| ശ്രീമതി.ആഭ.വി.എസ്, അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ, ആര്യാട് ഗ്രാമ പഞ്ചായത്ത് | ഒറ്റകണ്ടത്തിൽഹൗസ്, നോർത്ത് ആര്യാട്, മണ്ണഞ്ചേരി |
| ശ്രീമതി.സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുറക്കാട് ഗ്രാമപഞ്ചായത്ത് | കണ്ടോത്ത് പറമ്പിൽ, ചാത്തനാട്, അവലൂക്കുന്ന്പി.ഒ,ആലപ്പുഴ |
| ശ്രീമതി.പ്രീതി ജോസ്, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ആര്യാട് ഗ്രാമ പഞ്ചായത്ത് | പുലിമുഖത്തിൽ, പാതിരപ്പള്ളി പി.ഒ |
| ശ്രീ.സുനിൽ കുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, ആര്യാട് ഗ്രാമ പഞ്ചായത്ത് | ആലിശ്ശേരി ഹൗസ്, പുന്നപ്ര |
| ഡോ.കണ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആര്യാട് ഗ്രാമ പഞ്ചായത്ത് | ശ്രീവത്സം, കോമളപുരം |

4-10.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8/1490/09/18.04.08/11.06.08 |
| 1997-98 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 1999-00 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2000-01 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |

| | |
|---|---|
| 2001-02 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2002-03 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2005-06 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2006-07 | എൽ.എഫ്.എ16-46/2010/28.08.2010/4.10.2010 |
| 2007-08 | എൽ.എഫ്.എ.പി.10-1357/2010/31.05.11/14.07.11 |
| 2008-09 | എൽ.എഫ്.എ.പി.10-1358/2010/31.05.11/14.07.11 |
| 2009-10 | എൽ.എഫ്.എ.പി.10-1359/2010/31.05.11/30.06.11 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി.9-96/13/28.01.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി -പി9-1629/2015/08.01.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി -പി9-137/17/06.02.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ-എ.എൽ.പി/പി9-886/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ-0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 19.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

KSA-ALP/P9-886/17

Kerala State Audit Department,

District Audit Affice, Alappuzha.

Ph : 0477-2252753

E-mail : ddhglfalpy@gmail.com

Date: 19.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aryad Grama Panchayat in Alappuzha district for the year ended on 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Aryad Grama Panchayat for the year 2016-17 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

.
.
.

Deputy Director

kerala State Audit Department

Alappuzha